**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 610** **11-06-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ വഞ്ചി ക്ലേ മൈൻസ് ഭൂമിയിൽ വ്യവസായ വകുപ്പിന്റെ പദ്ധതികൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വഞ്ചി ക്ലേ മൈൻസ് ഭൂമിയുടെ ആകെ വിസ്തീർണ്ണം എത്രയെന്ന് അറിയിക്കാമോ; | (എ) | ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വഞ്ചി ക്ലേ മൈൻസ് ഭൂമിയുടെ ആകെ വിസ്തീർണ്ണം നിലവിലുള്ള സർവ്വേ സ്കെച്ച് പ്രകാരം 2.351 ഹെക്ടർ ആണ്. |
| (ബി) | പ്രസ്തുത ഭൂമി പ്രയോജനപ്പെടുത്തി വ്യവസായ സംരംഭകർക്ക് വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സഹായകമായ എന്തെങ്കിലും നടപടികൾ വ്യവസായ വകുപ്പ് ഇതിനകം സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | ചാത്തന്നൂർ വ്യവസായ വികസന പ്ലോട്ടിൽ ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനുള്ള DPR തയ്യാറാക്കുന്നതിന് ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പേററ്റീവ് സൊസൈറ്റി ലിമിറ്റഡ് (ULCCS) ന് വർക്ക് ഓർഡർ നൽകിയിട്ടുള്ളതിൻപ്രകാരം പ്രസ്തുത സ്ഥാപനം DPR തയ്യാറാക്കി വ്യവസായ വാണിജ്യ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | വഞ്ചി ക്ലേ മൈൻസ് ഭൂമിയിൽ വ്യവസായ സംരംഭകർക്ക് സൗകര്യങ്ങൾ ഒരുക്കി നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനം തുടർ നടപടികൾ സ്വീകരിക്കുന്നതിനായി റീ - ബിൽഡ് കേരളയ്ക്ക് കൈമാറിയതിന് ശേഷം പ്രസ്തുത നിവേദനത്തിന്മേൽ റീ - ബിൽഡ് കേരള എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (സി) | ചാത്തന്നൂർ വ്യവസായ വികസന പ്ലോട്ടിൽ ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനുള്ള 23.40 കോടി രൂപയുടെ പ്രൊപ്പോസൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നും റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കൈമാറിയിരുന്നു. പ്രതികൂലമായ ധനസ്ഥിതിയുടെ പശ്ചാത്തലത്തിൽ, മേൽ പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് ഏറ്റെടുക്കാൻ നിലവിൽ നിർവ്വാഹമില്ല എന്ന വിവരം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ